ഉണ്ടായിട്ട് എത്ര കാലമായി എന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : അതിന് നോട്ടീസു വേണം.

MR. ABDUL AZIZ (*Trivandrum I—Muslim*) ഇന്നത്തെ ഗവണ്മെൻറ് ഏതെങ്കിലും പ്രസിദ്ധീകരണം നിരോധിച്ചിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: അങ്ങിനെ നിരോധിച്ചതായി അറിവിൽപ്പെട്ടിട്ടില്ല.

MR. P. K. KUNJU (*Karunagapalli II—Muslim*): ഏത് കാലത്താണ് ഈ നിരോധനങ്ങൾ ഉണ്ടായിട്ടുള്ളതെന്നു പറയാമോ?

HON'BLE MR. T. K. NARAYANA PILLAI : സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്താണ്.

പത്രങ്ങളുടേയും മാസികകളുടെയും പ്രസിദ്ധീകരണവും നിരോധനവും.

2* MR. WILSON PETER : താഴെ പറയുന്ന ചോദ്യത്തിന് ഇൻഫർമേഷൻറെ ചാർജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിൽ അച്ചടിച്ചു പരസ്യം ചെയ്തിരുന്നതും തിരുവിതാംകൂറിനു പുറത്തു അടിച്ചു തിരുവിതാംകൂറിൽ പ്രചരണം ഉണ്ടായിരുന്നതും ആയ ഏതെങ്കിലും ദിനപ്പത്രങ്ങളുടേയും, വാരികകളുടേയും, മാസികകളുടേയും പ്രസിദ്ധീകരണവും പ്രചരണവും നിരോധിച്ചുകൊണ്ടു പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവു നിലവിലുണ്ടോ?

HON'BLE MR T. K. NARAYANA PILLAI : ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട് മെമ്പറന്മാരുടെ അറിവിലേക്കായി വായിക്കാം.

List of Newspapers and Magazines banned.

1. The Sanathani
2. The Prakasam.
3. The Deepam
4. The Powranadam (Weekly)
5. The Theepori
6. Action
7. The Week
8. Russia Today
9. Challenge
10. Inside Empire
11. News Propeller
12. Action News
13. People's Post

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

14. Head Line
15. Free Press
16. Angles
17. British Union (Quarterly)
18. Moscow News
19. Dic Welt
20. The Sudarsanam (Malayalam Weekly)
21. National Front (Journal)
22. Mysterious India
23. Jai Hindu (Weekly)
24. The Dawn.

MR. WILSON PETER : ഇവയെല്ലാം നിരോധിക്കുന്നതിനുണ്ടായ പ്രത്യേക കാരണങ്ങളും പറയുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. T. K. NARAYANA PILLAI: Strictly speaking, I do not think it is a subsidiary question.

പേരുകളും പറയണമെന്നു മാത്രമേ മെയിൻ കച്ചസ്റ്റ്യനിൽ ആവശ്യപ്പെട്ടിട്ടുള്ളൂ. അതുകൊണ്ട് ഓരോന്നിന്റെയും കാരണങ്ങളും വിവരിച്ചുപറയാൻ വേണ്ട വിവരങ്ങളും ശേഖരിക്കാൻ സാധിച്ചിട്ടില്ല. അതിന്റെ ആവശ്യവും ഉണ്ടെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. ഇവയിൽ ഏതാനും എണ്ണം ഇൻഡ്യാഗവണ്മെന്റിന്റെ ആവശ്യം അനുസരിച്ചാണ് നിരോധിച്ചിട്ടുള്ളത്.

MR. WILSON PETER : ബ്രിട്ടീഷ് ഇൻഡ്യയിൽ പ്രസിദ്ധീകരണവും പ്രചാരവുമുള്ള ചില പത്രങ്ങളും മാസികകളുംമറും തിരുവിതാംകൂറിൽ നിരോധിച്ചിട്ടുണ്ടെന്ന വിവരം ബഹു. മന്ത്രിക്കറിയാമോ ?

NON'BLE MR. T. K. NARAYANA PILLAI: അതിനിപ്പോൾ മറുപടി പറയാൻ സാധ്യമല്ല. അതു സംബന്ധിച്ചുള്ള റിലവൻറ് പേപ്പേഴ്സ് നോക്കിയിട്ടേ പറയാൻ നിവൃത്തിയുള്ളൂ.

MR. WILSON PETER : ഏതായാലും അതേക്കുറിച്ച് അന്വേഷിച്ച് അവയുടെ പ്രസിദ്ധീകരണവും പ്രചരണവും അനുവദിക്കുമോ ?

HON'BLE MR. T. K. NARAYANA PILLAI : ഗവണ്മെന്റിന്റെ നയം ഏതെങ്കിലും പുസ്തകത്തേയോ, പത്രത്തേയോ, മാസികയേയോ അനാവശ്യമായി തടയണമെന്നില്ലെന്നു പൊതുവായി പറയാൻ ഞാനാഗ്രഹിക്കുന്നു.

MR. WILSON PETER : അങ്ങനെയൊരു ഉദ്ദേശം ഗവണ്മെൻറിൽ ആരോപിക്കുകയല്ല ഞാൻ ചെയ്തത്. അങ്ങനെ ചെയ്യാതിരിക്കണ

LIBRARY ARCHIVES Kerala Legislative Assembly

മെന്ന കാര്യം ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുവെന്ന മാത്രമേയുള്ളു.

HON'BLE MR. T. K. NARAYANA PILLAI : എന്തായാലും അതേപ്പറ്റി അന്വേഷിച്ചു പ്രതിബന്ധങ്ങളൊന്നുമില്ലെങ്കിൽ നിരോധനങ്ങൾ നീക്കുന്നതാണു്.

അലപ്പുഴ പട്ടണത്തിലെ റോഡ്.

3. * MR. K. RAMAKRISHNA PILLAI: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പി. ഡബ്ളിയു. വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) അലപ്പുഴ പട്ടണത്തിന്റെ അതിർത്തിക്കുള്ളിൽ എത്ര മൈൽ റോഡുണ്ടു് ?

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളായി അവയുടെ സംരക്ഷണത്തിനുവേണ്ടി എന്തു തുക ചെലവായി ?

(സി) പട്ടണത്തിലെ പ്രധാന റോഡുകൾ ടാർ ഇടുന്നതിനു ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

(ഡി) ഉണ്ടെങ്കിൽ പണി എന്നാരംഭിക്കും ?

HON'BLE MR. K. R. ELANKATH: (എ) അലപ്പുഴ പട്ടണത്തിലുള്ള റോഡിന്റെ നീളം നൂറ് മൈൽ ഒ ഫർലാംഗ്, നൂറ് അടിയാണു്.

(ബി) ഉദ്ദേശച്ചെലവു ൧൯൫൦-ൽ ൫൪,൪൫൦ രൂപയും ൧൯൫൧-ൽ ൫൬,൫൯൪ രൂപയും, ൧൯൫൨-ൽ ൬൫,൫൪൨ രൂപയുമാണു്.

(സി) ഉണ്ടു്.

(ഡി) മെറ്റലിംഗ്ജോലി തീർന്നാൽ ഉടനെ ടാർചെയ്യുന്ന കാര്യവും ആലോചിക്കുന്നതാണു്.

MR. K. RAMAKRISHNA PILLAI : ൧൯൫൨-ലെ തുക മുഴുവനും സംരക്ഷണച്ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഉപയോഗിച്ചിട്ടുണ്ടെന്നാണു് അറിവു്.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : രണ്ടോ മൂന്നോ ഫർലാംഗ് ദൂരം മാത്രമേ ടാർചെയ്തിട്ടുള്ളു എന്നു് അറിയാമോ ?

HON'BLE MR. K. R. ELANKATH : അറിയാം. അലപ്പുഴപട്ടണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly